Santhigiri

# ഉണ്മനിതകം

ഗുരുവാണി

"യുഗധർമ്മമാണ് നമ്മൾ അറിയേണ്ടത്. ആ യുഗത്തിൽ എന്തു പഠിക്കണമോ അത് പാലിക്കാതെ നമ്മൾ അങ്ങോട്ട് എന്തെങ്കിലും എടുത്തുവച്ചിട്ട് കാര്യമൊന്നുമില്ല."

VOL 04 | ISSUE 45 | 2018 ഒക്ടോബർ 28 | 1194 തുലാം 11

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ബിരുദദാന ചടങ്ങ് നവംബർ 2 ന്

## മന്ത്രി മാത്യു റ്റി തോമസ് ഉദ്ഘാടനം ചെയ്യും

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പതിനൊന്നാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നവബർ 2 ന് നടക്കും. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണിക്ക് നടക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി മാത്യു റ്റി. തോമസ് നിർവഹിക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. കോളേജ് പ്രിൻസിപ്പൽ ഡോ. എ. വാസുകീദേവി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സി.സി.ഐ.എം. വൈസ് പ്രസിഡന്റ് ഡോ. വി.ബി. വിജയകുമാർ, ഡോ. വി. അരുണാചലം തുടങ്ങിയവർ സംബന്ധിക്കും. ബിരുദദാന



മാത്യു റ്റി. തോമസ്

ചടങ്ങിനു ശേഷം ഉച്ചയ്ക്ക് 2 ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടാകും. 2012 ൽ ബി.എസ്.എം.എസ് കോഴ്സിനു പ്രവേശനം നേടിയ 38 വിദ്യാർത്ഥികളാണ് പഠനം പൂർത്തിയാക്കി സിദ്ധ ബിരുദം കരസ്ഥമാക്കുന്നത്.

ശാന്തിഗിരി ആശ്രമത്തിൽ ഗുരു വിഭാവന ചെയ്തതനുസരിച്ച് കേരളത്തിലെ ആദ്യത്തെ സിദ്ധ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചത് രണ്ടായിരത്തിരണ്ടിലാണ്. അതിനു ശേഷം അറുനൂറോളം ഡോക്ടർമാർ ഈ കലാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കി ജനസേവനത്തിനായി ഇറങ്ങിപ്പുറപ്പെട്ടു. ഇന്നു കേരളത്തിന്റെ പാരമ്പര്യ ചികിത്സാമേഖലയിൽ സിദ്ധവൈദ്യം അതിന്റെ എല്ലാ തനിമയോടും കൂടി നിലനില്ക്കുന്ന ഒന്നാണ്.

ഒരുപക്ഷെ സിന്ധു നദീതട സംസ്കാരത്തിൽ വരെ നിലനിന്നിരുന്നു എന്ന് അനുമാനിക്കപ്പെടുന്ന ഈ ചികിത്സാശാസ്ത്രം ഇന്ന് അവഗണനയുടെ നാൾവഴികൾ പിന്നിട്ട് പുതിയൊരു നവോത്ഥാന പാതയിലാണ്. ആയുർവേദത്തിനൊപ്പം സർക്കാർതലത്തിലും സിദ്ധവൈദ്യശാസ്ത്രം ക്രമേണ അംഗീകാരം നേടിവരുന്നത് ഏറെ ആശാവഹമാണ്. അലോപ്പതി ചികിത്സാരംഗത്തുനിന്നും സിദ്ധവൈദ്യത്തിന്റെ വഴിയിലെത്തിയ ഡോ. സി. പി. മാത്യുവിനെ പോലുള്ളവരുടെ ചികിത്സാ അനുഭവങ്ങളും ശ്രദ്ധേയമാണ്.

# എസ്.എച്ച്.ആർ.ഒ. തുടർവിദ്യാഭ്യാസ പരിപാടി നവംബർ 15 ന്

**തിരുവനന്തപുരം:** 'പോസ്റ്റ് സ്ട്രോക്ക് ആന്റ് ന്യൂറോളജിക്കൽ ഡിസോഡേഴ്സ് മാനേജ്മെന്റ് ഇൻ ആയുർവേദ ആന്റ് സിദ്ധ' എന്ന വിഷയത്തെ ആസ്പദമാക്കി ആയുർവേദ-സിദ്ധ ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കുമായി ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ (എസ്.എച്ച്.ആർ.ഒ.) നവംബർ 15 വ്യാഴാഴ്ച തിരുവനന്തപുരം പട്ടം റോയൽ ഹോട്ടലിൽ വച്ച് ഏകദിന തുടർവിദ്യാഭ്യാസ പരിപാടി (സി.എം.ഇ) സംഘടിപ്പിക്കും. രാവിലെ 9.30 ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യും.

സ്ട്രോക്കും അനുബന്ധമായി വരുന്ന പക്ഷാഘാതം, നാഡീസംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയ ഒട്ടനവധി അവസ്ഥകൾക്ക് ശാസ്ത്രീയമായ രീതിയിൽ ആയുർവേദ-സിദ്ധ ചികിത്സാ രീതികൾ സമന്വയിപ്പിച്ച് ഫലപ്രദമായ തുടർചികിത്സകളും റീഹാബിലിറ്റേഷനും നൽകുന്നതിനും സ്ട്രോക്കിന്റെ എല്ലാ അവസ്ഥകളെക്കുറിച്ചും മനസിലാക്കുന്നതിനുമാണ് ഈ ക്ലാസ് സംഘടിപ്പിച്ചിരിക്കുന്നത്.

രാവിലെ 10 മണിക്കുള്ള ആദ്യ സെഷനിൽ എസ്.എച്ച്.ആർ.ഒ. സീനിയർ അഡ്വൈസറും പ്രമുഖ ന്യൂറോളജിസ്റ്റുമായ ഡോ. കെ.എൻ. ശ്യാംപ്രസാദ് സ്ട്രോക്ക് സംബന്ധിച്ച് പ്രാഥമികമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അത്യാധുനിക രോഗനിർണ്ണയ തീവ്ര പരിചരണ രീതികളെക്കുറിച്ചും വിവരിക്കും. രണ്ടാമത്തെ സെഷനിൽ തിരുവനന്തപുരം ഹിന്ദ് ലാബിലെ ഡോ. കീർത്തി എസ്. സംസാരിക്കും. സി.റ്റി.- എം.ആർ.ഐ. സ്കാൻ രീതികൾ അവലംബിച്ചുള്ള സ്ട്രോക്ക് നിർണ്ണയത്തെക്കുറിച്ച് വിഷ്വൽ എയ്ഡിന്റെ സഹായത്തോടെ വിവരിക്കും. ഉച്ചതിരിഞ്ഞുള്ള സിദ്ധ സെഷനിൽ പത്തോളം സിദ്ധ ഗ്രന്ഥങ്ങളുടെ രചയിതാവും മർമ്മ സ്പെഷലിസ്റ്റുമായ ഡോ. കണ്ണൻ രാജാറാം (രാജാറാം ഹോസ്പിറ്റൽ, കന്യാകുമാരി) സ്ട്രോക്കിനു ശേഷമുള്ള വിശേഷ സിദ്ധ-മർമ്മചികിത്സകളെ കുറിച്ചും പാരമ്പര്യ സിദ്ധമരുന്നുകളെക്കുറിച്ചും സംസാരിക്കും. സിദ്ധ മർമ്മരീതികളെക്കുറിച്ചുള്ള പ്രദർശനവും ഉണ്ടായിരിക്കും. നാലാമത്തെ സെഷനിൽ മികച്ച ആയുർവേദ അദ്ധ്യാപകനുള്ള അവാർഡ് ജേതാവും തിരുവനന്തപുരം ആയുർവേദ കോളേജിലെ അസോസിയേറ്റ് പ്രൊഫസറുമായ എസ്. ഗോപകുമാർ, സ്ട്രോക്ക് അനന്തരമുള്ള ആയുർവേദ ചികിത്സകളെക്കുറിച്ച് വിശദീകരിക്കും. ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയ ഓഫീസിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. നവംബർ 10 ന് ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കും.

മുൻകൂർ ബുക്കിംഗിനും മറ്റു വിശദവിവരങ്ങൾക്കുമായി: ഡോ. ഷാബേൽ പി.വി- 7012 386141, ഡോ. ആരതി മോഹൻ 9605783806, ഡോ. ശ്രീവിഷ്ണു എം- 8301085655

# ജ്യോതിർഗമയ ഫൗണ്ടേഷൻ സമൂഹവിവാഹവും പുരസ്കാര സമർപ്പണവും നവം.4 ന് ശാന്തിഗിരിയിൽ

**റിസർച്ച് സോൺ:** സന്നദ്ധസംഘടനയായ ജ്യോതിർഗമയ ഫൗണ്ടേഷൻ ശാന്തിഗിരി ആശ്രമത്തിൽ വച്ച് നടത്തുന്ന നിർദ്ധന യുവതികളുടെ സമൂഹ വിവാഹവും വിശിഷ്ട വ്യക്തികൾക്കുള്ള പുരസ്കാര സമർപ്പണവും നവംബർ 4 ഞായറാഴ്ച നടക്കും. റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ രാവിലെ 10.30 ന് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പരിപാടി ഉദ്ഘാടനം ചെയ്യും. കെ. മുരളീധരൻ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രി കെ. രാജു മുഖ്യാതിഥിയായിരിക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി റ്റി. കെ. എ. നായർ, സി. ദിവാകരൻ എം.എൽ.എ., ഒ. രാജഗോപാൽ എം.എൽ.എ., കേരള മുസ്ലിം അസോസിയേഷൻ പ്രസിഡന്റ് ഇ.എം. നജീബ്, ബി.എസ്.എൻ.എൽ ജനറൽ മാനേജർ ഡോ. എസ്. ജ്യോതിശങ്കർ, പത്തനാപുരം ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ, എൻ.ആർ.ഐ. കൗൺസിൽ വൈസ് ചെയർമാൻ കടയ്ക്കൽ രമേശ്, ജ്യോതിർഗമയ ഫൗണ്ടേഷൻ വൈസ് ചെയർമാൻ തമ്പി മേട്ടുതറ തുടങ്ങിയവർ സംസാരിക്കും.

ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ജി. മാധവൻ നായർ ചടങ്ങിൽ ജ്യോതിർഗമയ പുരസ്കാരങ്ങൾ സമ്മാനിക്കും. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം പി.സി. ചാക്കോ (ശ്രേഷ്ഠ കർമ്മ പുരസ്കാരം), കൈരളി ടി.വി. ന്യൂസ് ഡയറക്ടർ ഡോ. എൻ. പി. ചന്ദ്രശേഖരൻ (ശ്രേഷ്ഠ മാധ്യമ പുരസ്കാരം), തിരുവനന്തപുരം മെഡിക്കൽ കോളേജ് റിട്ട. പ്രിൻസിപ്പൽ ഡോ. ഷാജി പ്രഭാകരൻ (ധന്വന്തരി പുരസ്കാരം), ഡോ. പൽപു സ്മാരക യൂണിയൻ പ്രസിഡന്റ് ഉപേന്ദ്രൻ കോൺട്രാക്ടർ (ശ്രേഷ്ഠ കാരുണ്യ പുരസ്കാരം), ജ്യൂസ് അഗ്രോ സർവീസ് സെന്റർ ചെയർമാൻ കൊല്ലം പണിക്കർ (ശ്രേഷ്ഠ സംരംഭക പുരസ്കാരം) എന്നിവർക്കാണ് ഈ വർഷത്തെ ജ്യോതിർഗമയ പുരസ്കാരങ്ങൾ സമ്മാനിക്കുന്നത്. ജ്യോതിർഗമയ ഫൗണ്ടേഷൻ ചെയർമാൻ ബി. അജയകുമാർ സ്വാഗതവും സെക്രട്ടറി അഡ്വ. രാജേഷ് കുമാർ കൃതജ്ഞതയും പറയും. തുടർന്ന് 11. 45 ന് സമൂഹവിവാഹം നടക്കും.

# കുട്ടികളുടെ ചിത്രരചനാ മത്സരം നാളെ

**എഡ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വച്ച് നാളെ ഉച്ചതിരിഞ്ഞ് 2.30 മുതൽ 3.30 വരെ കുട്ടികൾക്കായി ചിത്രരചനാ മത്സരം നടക്കും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (എസ്.ബി.ഐ) വിജിലൻസ് വാരാചരണത്തിന്റെ ഭാഗമായിട്ടാണ് 'ബ്യൂട്ടിഫുൾ ഇന്ത്യ' എന്ന വിഷയത്തിൽ ചിത്രരചനാ മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.

പെൻസിൽ ഡ്രോയിംഗ് മത്സരമാണ് നടക്കുക. കളർ പെൻസിലുകൾ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല. മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് ആയിരം രൂപയും രണ്ടാം സ്ഥാനത്തിന് 750 രൂപയും ക്യാഷ് പ്രൈസ് ലഭിക്കുന്നതാണ്.

# ഗുരുവാണി

നിങ്ങൾ ഈ ജീവിതം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഇങ്ങനെയങ്ങു കടന്നുപോകുന്ന വിവരമല്ലേ നമുക്കുള്ളൂ? ഒരു മനുഷ്യൻ ജീവിച്ചു മരിക്കുന്നതിനുള്ളിൽ എന്താണു നിങ്ങളുടെ താൽപര്യം? നിങ്ങൾ ഓരോരുത്തരും ചിന്തിക്കുകയാണെങ്കിൽ, എന്തായിരിക്കാം? നിങ്ങൾ ഗൃഹസ്ഥാശ്രമികളാണ്. അതാണു ചോദിക്കുന്നത്. ഗൃഹസ്ഥാശ്രമികളാകുമ്പോൾ ഭാര്യ-ഭർത്താവ് എന്നുള്ള നിലയിൽ രണ്ടു ജീവികൾ ജീവിച്ചു കാണിച്ച് ധർമം പുലർത്തുന്ന കർമത്തിലാണു നിങ്ങൾ നിൽക്കുന്നത്. അപ്പോൾ ഈ ധർമമെന്ത്? കർമമെന്ത്? ജീവിതക്രമമെന്ത്? അതിലുള്ള സത്യവിശേഷമെന്ത്?

സന്ന്യാസിയാവുമ്പോൾ ഇതു ചോദിക്കേണ്ട കാര്യമില്ല. സന്ന്യാസിയാവുമ്പോൾ, അവൻ നടക്കുകയോ വരുകയോ പോവുകയോ ചെയ്യട്ടെ! അവനു കിട്ടിയാൽ കിട്ടി, അല്ലെങ്കിൽ ഇല്ല. അതെന്തോ ആയിക്കൊള്ളട്ടെ. അവനിവിടെ ഉത്തരവാദിത്വപ്പെട്ട് ഒന്നും ചെയ്യാനില്ല. അവനുവേണ്ടി തപസ്സുചെയ്യുകയോ ലോകനന്മയ്ക്കുവേണ്ടി ചെയ്യുകയോ ആണ്. അതും ചെയ്തെങ്കിൽ ചെയ്തു, ഇല്ലെങ്കിൽ ഇല്ല.

നിങ്ങളെ സംബന്ധിച്ച് എന്തു കർമം? എന്തു കടമ? വിദ്യാർത്ഥിയായിരിക്കുമ്പോൾ നിങ്ങളൊരു ബ്രഹ്മചാരി എന്ന സ്ഥാനത്ത് ആണെന്നു വിചാരിക്കുക. ആ വിദ്യാർത്ഥിയെ പഠിപ്പിക്കുകയും പഠിക്കുകയും ഭരിക്കാൻ ആളാക്കുകയും കുടുംബജീവിതം നയിക്കാൻ ആളാക്കുകയും ചെയ്യുന്ന കർമത്തിന്റെ സ്ഥിതിവിശേഷം നമ്മൾ എങ്ങനെ കൊണ്ടുപോകണം? അങ്ങനെയുള്ള സ്ഥാനത്ത് നിങ്ങൾ ആര്, വീടിന്റെ മറ്റു സ്ഥിതികൾ എങ്ങനെ സാധിച്ചുവച്ചിരിക്കുന്നു? നിങ്ങൾ കർമത്തിൽ എവിടെ വരെ എത്തി? നിങ്ങളുടെ പുണ്യപാപങ്ങളുടെ തൂക്കമെന്ത്?

ഇതൊക്കെയെങ്കിലും സ്വയം ചിന്തിക്കാൻ നിങ്ങൾക്കൊരു അറിവുണ്ടാകണം. ഇതാണു കർമം. ഇതു ചിന്തിക്കാൻ ഒരറിവില്ലാതെ എന്തൊക്കെ ചെയ്തുവച്ചാലും അതു നിങ്ങളുടെ കൈയിൽനിന്നും ചോർന്നുപോകും. എന്നല്ല, അതുകൊണ്ട് ചില കെടുതികളും സംഭവിക്കും. നിങ്ങൾ സന്ന്യസിക്കണമെന്നു ഞാൻ പറഞ്ഞിട്ടില്ല. ആചാരക്രമം മാറ്റണമെന്നും പറഞ്ഞിട്ടില്ല. നിങ്ങളുടെ ധർമഗതിയിൽ കർമം എങ്ങനെ ഇരിക്കുന്നു? അതു ദൈവം ശിക്ഷിച്ചതോ മറ്റോ ആണെന്ന് നിങ്ങൾ വിചാരിച്ചിട്ടുണ്ടോ? അങ്ങനെയല്ല. പിന്നെങ്ങനെ വന്നു? നിങ്ങൾ ബാഹ്യജീവിതം ഏതാണ്ടു തീരാൻ പ്രായമായവരാണ്. അതുകൊണ്ടു നിങ്ങൾക്കതു പറയാൻ കഴിയണം.

ഗൃഹസ്ഥാശ്രമ ഭരണതന്ത്രം നിങ്ങൾ ചെയ്തവരാണ്. രാജ്യതന്ത്രം വേറൊന്ന്. ജീവിതത്തിൽ എന്തൊക്കെ പാകപ്പിഴകൾ വരുന്നു എന്നു നിങ്ങൾക്കു ബോധ്യമുണ്ട്. നമ്മൾ സ്വയം ചീത്തയാകാൻ ആഗ്രഹിച്ചതുകൊണ്ടു വന്നതോ? അതോ ഇടയ്ക്കു നമ്മളുടെ പാകപ്പിഴകൾകൊണ്ടു വന്നതോ? പാകപ്പിഴകൾകൊണ്ടു വന്നതാണ്. പാകപ്പിഴകൾ കുറച്ചുകാലം വന്നെന്നിരിക്കാം. എങ്കിലും ഇതു പിഴവാണെന്നറിഞ്ഞിട്ടും ഇതു മാറ്റാൻ അറിയാതിരിക്കുന്നതെന്തുകൊണ്ട്? സ്വതന്ത്രമായി ഗൃഹസ്ഥാശ്രമിയുടെ ധർമം ചെയ്യുന്ന നിങ്ങൾ അനുഭവിക്കുന്നത് തികഞ്ഞ സ്വാതന്ത്ര്യമാണ്. അറിഞ്ഞുകൊണ്ടുതന്നെ ഇതു പ്രവർത്തിച്ച് നന്നാക്കാനും ചീത്തയാക്കാനും കഴിയുന്ന ഒരു സംവിധാനമാണ്. പാളിച്ചയെന്ത്? ആ പാളിച്ചയിൽനിന്നും മാറാൻ കഴിയാത്തതെന്ത്? ഒരാൾ നിങ്ങളുടെ കൂടെ ആഗ്രഹിച്ചുവന്നപ്പോൾ, പിന്നീടതു തകർന്നു എന്നുപറയുന്നതിനു കാരണമെന്ത്? നിങ്ങൾക്ക് ചെറുതെങ്കിലും ഒരു ജീവിതം നയിക്കാൻ കഴിയുമെങ്കിൽ അതിൽ നിന്നൊരു ഐശ്വര്യം ഉണ്ടായിരിക്കണം.

## വചനദീപ്തി

*" ഏകാന്തമായുള്ള ഭക്തി മുഴുത്തിട്ട്*
*ആകാംക്ഷയോടുടൻ ശുശ്രൂഷിച്ചാൽ*
*ആകായ്മ പോക്കീട്ട് നന്മ വരുത്തുവാൻ*
*നിത്യം ഗുരുപാദം കുമ്പിടുന്നേൻ "*

**ഗുരുസ്തുതി** (*സത്ഗുരുവേ ജയ*)

## സ് പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

03.11.2018 – ജ്യോതിപുരം

## യാമപ്രാർത്ഥന

2018 നവംബർ 01, വ്യാഴം

03.00 am – 06.00 am

## ജന്മഗൃഹ തീർത്ഥയാത്ര

2018 നവംബർ 07, ബുധൻ

### പ്രകാശപഥം

# സ്നേഹം കൊണ്ട് നമ്മൾ പെരുമാറി എടുക്കുന്ന കാര്യം

ഒരാശയത്തിന്റെ മുമ്പിൽ നമ്മൾ കുട്ടികളെ വളർത്താനായിട്ടു വരുമ്പോൾ ഈ കുട്ടിക്ക് തന്റെ പൂർവജന്മവാസനാവൃതമായിരിക്കുന്ന എല്ലാ ഗുണങ്ങളും അതിൽ കാണും. എന്നാൽ തന്റെ വീട്ടിൽ ഒരു പിതൃ നല്ലതാണെങ്കിൽ അവന്റെ ചെയ്തികളും മാറ്റമായിരിക്കും, സത്സ്വഭാവിയായിരിക്കും. ചിലപ്പോൾ അച്ഛൻ ക്രൂരനും നിന്ദ്യനും ദുർനടപടിക്കാരനും ആയിരിക്കും. മകൻ നല്ലതുമായിരിക്കും. ഇതൊക്കെ 'ഉല്പത്തി കർമഗതിപോലെ വരും ജഗത്തിൽ' എന്നു പറയുന്ന ഭാഗത്ത് നമ്മൾ നല്ലതുപോലെ മനസിലാക്കി സൂക്ഷിക്കണം. ഇവിടെ താമസിക്കുന്ന ഗൃഹസ്ഥരായാലും, കുട്ടികളായാലും, ബ്രഹ്മചാരിയെന്നു പറയുന്നവരായാലും ചെറുപ്പക്കാരായാലും സ്ത്രീകളായാലും, ആരുതന്നെയായാലും ഇത്തരം കാര്യങ്ങൾ മനസിലാക്കിയിട്ട്, ഞങ്ങളുടെ ജീവിതത്തിലെ ഈ കർമഗതി അഴിയാൻ എങ്ങനെ സാധിക്കും, ഞങ്ങളെ എങ്ങനെ അതിനായിട്ട് മാറ്റിയെടുക്കും എന്നത് ഒരു ഗുരുശിഷ്യബന്ധത്തിൽക്കൂടി അറിഞ്ഞ് മാറ്റിക്കൊള്ളണം. കാരണം നമ്മുടെ പാരമ്പര്യം അനവധി കൊച്ചു കൊച്ചു ദൈവങ്ങളെ വച്ചു പൂജിച്ചതിന്റെയും അതുപോലെ തന്നെ ജാതിയുടെ സ്വഭാവങ്ങളൊക്കെ കൊണ്ടുവന്ന് അതിലുള്ള വൃത്തികേടുകളുടേയും ബാക്കിയാണ്.

ഗുരു, അഴുക്ക് എന്നു ധരിക്കുന്ന ഏറ്റവും വൃത്തിഹീനമായ കാര്യങ്ങൾ മനസിലേക്കു കടത്തിയിട്ടു കൈകാര്യം ചെയ്യുന്ന വശങ്ങളുണ്ട്. എല്ലാം നമ്മളൊന്ന് ഒഴിച്ചുവെക്കണം. എന്നിട്ട് എനിക്ക് എങ്ങനെ നന്നാവാം, ഞാൻ ഇതിന്റെയൊക്കെ ബാക്കിയാണല്ലോ – എന്റെ ഈ ശരീരവും മനസും. അപ്പോൾ ഞാൻ എത്രയോ കാലം ചീത്തയായിട്ടു നടന്നിരുന്നു, എത്രയോ കാലം നല്ലതായിട്ടു ജീവിച്ചിരുന്നു എന്ന് തന്റെ പൂർവ്വജന്മത്തിലുള്ള പുണ്യപാപങ്ങളെപ്പറ്റി അല്ലെങ്കിൽ ആ സുകൃതവും അകൃതവുമായിരിക്കുന്ന കാര്യങ്ങളെ, സത്യവും അസത്യവുമായിരിക്കുന്ന കർമത്തിന്റെ കാര്യങ്ങളെപ്പറ്റി നമ്മൾ വിലയിരുത്തണം. ഒരു മഹാത്മാവിന്റെ കൂടെ ഞാൻ എങ്ങനെ ജീവിക്കും? അതാണ് യേശു പറയുന്നത്, 'നിങ്ങൾ സൂക്ഷിച്ചുകൊള്ളണം, മഹാന്മാർക്കു ജനിച്ച നാടില്ലെ'ന്ന്. പക്ഷെ ഗുരുവിനു ജനിച്ച നാടും ഉതകുമെന്ന ഒരു വാക്കു കിട്ടിയിട്ടുണ്ട്. അത് ബ്രഹ്മത്തിൽ നിന്നും, ആ പ്രകാശധാരയിൽനിന്നും കിട്ടിയ കാര്യം. ഇതൊക്കെ സൂക്ഷിച്ചിട്ട് എനിക്കെങ്ങനെ ഗുരുവിന്റെ ആശയം എന്റെ ജീവിതത്തിലേക്ക് ത്യാഗത്തിൽ കൂടി അല്ലെങ്കിൽ അഹന്തയില്ലാതെ വിനയവും സ്നേഹവും ലഘുത്വവുമായ കാര്യത്തിൽ കൂടി സഹിക്കാൻ കഴിയണം.

സ്നേഹം കൊണ്ട് നമ്മൾ പെരുമാറി എടുക്കുന്ന കാര്യം ഒരിക്കലും നശിക്കില്ല. അതല്ല നമ്മൾ ഇതേപോലെതന്നെ കുറേ നാളൊക്കെ എല്ലാം പ്രവർത്തിച്ച് ആത്മാർത്ഥമായി ചെയ്തിട്ട് അവസാനം ഒരു കർമം കൊണ്ടു നമ്മളുടെ എല്ലാ പുണ്യങ്ങളും നഷ്ടപ്പെടുന്ന രീതിയിലുള്ള പെരുമാറ്റം വന്നാൽ നാമെങ്ങനെ ആ പുണ്യം സമ്പാദിക്കുന്ന വഴിയിലേക്കു പോകും? 'ഇത്രയെല്ലാം ചെയ്തില്ലേ, പിന്നെയെന്താണിങ്ങനെ ആയിപ്പോയത്' എന്നൊക്കെ ചിന്തിക്കും. ചിലർ ദൈവത്തെത്തന്നെ, പൂജിക്കുന്ന വകയെ പഴിക്കും. എനിക്ക് ഇന്നാര് സങ്കല്പം ചെയ്തു തരാത്തതുകൊണ്ടാണ് അല്ലെങ്കിൽ ഗുരു എന്നോട് വിരോധിച്ചിട്ടാണ് എനിക്ക് ഈ കഷ്ടകാലം വന്നത് എന്നുപോലും ധരിക്കുന്ന അല്പായുസ് വ്യക്തിത്വം കാണിക്കുന്ന മനുഷ്യർ നമ്മുടെ ഇടയിലുണ്ട്. ദൈവത്തിന് നമ്മളെ നേരെയാക്കാൻ പലവിധ ന്യായങ്ങളുണ്ട്. ചിലരെ ശാസിച്ചായിരിക്കും, ചിലരെ സ്നേഹിച്ചായിരിക്കും, ചിലരെ അങ്ങനെയല്ല കഠോരമായി ശിക്ഷ കൊടുത്തായിരിക്കും. അവന്റെ അപ്പോഴത്തെ കർമഗതി എങ്ങനെ മാറ്റാം. പക്ഷെ അതിനു വഴങ്ങുന്ന ശിഷ്യനാണ് യഥാർത്ഥമായത്. എന്തോ ആ സന്ദർഭം അവന് ഉതകണം. അതാണ് അതിന്റെ ഗുണം. ഇതൊക്കെ നമ്മൾ മനസ്സിലാക്കിയിട്ട് നമ്മളെങ്ങനെ ഈ കാര്യങ്ങൾ ചെയ്തെടുക്കും?

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഭരണാശയം നന്മനിറഞ്ഞതാകുന്നതിന്

കാലത്തിനൊത്ത് ധർമ്മം പകരാനും പുണ്യം സമ്പാദിക്കാനും പര്യാപ്തമായ ദൈവത്തിന്റെ കരുതൽ എല്ലാക്കാലത്തും നിലനിന്നിരുന്നു. അതു പൂർത്തിയാക്കിയെടുക്കാൻ ഈ കലിയുഗം പോലെ യോഗ്യമായൊരു കാലം വേറെയില്ല. അതാണ് 'കലി ശൂദ്രങ്കൽ' എന്ന് അനവധി തവണ, ഗുരു നമ്മോട് അരുളിച്ചെയ്ത വാക്കിന്റെ അർത്ഥവും. ശൂദ്രനും കർമ്മം ചെയ്ത് മുക്തിക്ക് അവകാശപ്പെടാൻ പറ്റിയ കാലമാണ് കലിയെന്ന് ഗുരു പറഞ്ഞിരിക്കുന്നു. ആ കർമ്മം എന്തുപോലെ ചെയ്ത് ജീവിതധർമ്മം പൂർത്തിയാക്കണം എന്ന അറിവാണ് നമുക്കു വേണ്ടത്. യോഗ്യമായ ഒരു ജീവിതധർമ്മത്തെ പരിപാലിക്കാൻ പ്രാപ്തമായ ഭരണയന്ത്രവും ഭരണതന്ത്രവുമാണ് നമുക്കാവശ്യം.

പുരാതനകാലത്ത് രാജസദസ്സുകളിലെ രാജർഷികളാണ് രാജാക്കന്മാർക്ക് ഭരണനിർദ്ദേശങ്ങൾ നല്കിയിരുന്നത്. ദൈവനിശ്ചയമെന്താണോ അതാണ് അക്കാലത്ത് ഋഷിമാരിലൂടെ അറിഞ്ഞ് നടപ്പാക്കിയിരുന്നത്. എന്നാൽ ഇന്ന് ഉലകം മൊത്തം അരാജകത്വം നടമാടുന്ന, ക്രൂരതയുടെയും ഭീകരതയുടെയും മുഖങ്ങളാണ് നമുക്കു കാണാൻ കഴിയുന്നത്. പൈശാചികത്വം പൂണ്ടുനില്ക്കുന്ന ഈ ദോഷദൃക്കിനെ മാറ്റിയെടുക്കണമെങ്കിൽ അടിസ്ഥാനപരമായി ഇതിന്റെ കാര്യവും കാരണവും കണ്ടറിഞ്ഞ് നിവർത്തിക്കാൻ പ്രാപ്തമായ ഒരു സ്ഥാനം നമുക്കു വേണം. അതായത് ഭരിക്കുന്നവർക്കും ഭരിക്കപ്പെടുന്നവർക്കും ഒന്നുപോലെ കാലധർമ്മം ഉപദേശരൂപേണ ലഭിക്കുന്ന ഒരിടം ഉണ്ടെങ്കിലേ നന്മയുടെ വഴി തെളിഞ്ഞുകിട്ടൂ.

അപ്പോൾ ഭരിക്കേണ്ടത് എങ്ങനെയാണെന്ന അറിവും അതിനെ മാനിക്കേണ്ടത് എങ്ങനെയാണെന്ന അറിവും ആ ഭരണം യോഗ്യതപ്പെട്ടതാണെന്ന ബോധ്യവും വരത്തക്ക ഒരു സംവിധാനം ഉണ്ടായേ മതിയാകൂ. ഭരണകൂടത്തിന്റെ ആശയം ജീവിതത്തെയും അതിലുപരി ജീവന്റെ ഗതിവിഗതികളെയും കണ്ടറിഞ്ഞ് നിവർത്തിക്കാൻ അധികാരപ്പെട്ട ഒരു മഹാത്മാവിലൂടെ ലഭിച്ചെങ്കിൽ മാത്രമെ ശാശ്വതമായ നന്മയ്ക്കു നിദാനമായി പ്രവർത്തിച്ചെത്തിക്കാൻ കഴിയുകയുള്ളൂ. അതിന്റെ അഭാവമാണ് ഇന്നു നാം കാണുന്നത്. കാലധർമ്മത്തിന് അനുഗുണമായ നന്മനിറഞ്ഞ ആശയം ഏതു മഹാത്മാവിലൂടെയാണോ നമുക്ക് കിട്ടുന്നത് ആ മഹാത്മാവിനെ നാം മുറുകെ പിടിക്കണം. എന്തെന്നാൽ അങ്ങനെയുള്ള മഹാത്മാവിനെ ദൃഢമായി വിശ്വസിച്ച് അവിടുത്തെ വാക്കുകളെ പൂർണ്ണമായും ആദരിച്ച് അനുസരിച്ച് ജീവിതത്തിൽ പകർത്തിയാൽ മാത്രമെ ജീവിതധർമ്മം പൂർത്തിയാക്കിയെടുക്കാൻ സാധിക്കൂ. യഥാർത്ഥത്തിൽ ബാഹ്യമായ വസ്തുക്കളെയും താല്പര്യങ്ങളെയും മുൻനിർത്തിയല്ല ഭരണനിർവ്വഹണം നടത്തേണ്ടത്. ഭരിക്കുന്നവരുടെയോ ഭരിക്കപ്പെടുന്നവരുടേയോ വ്യക്തിതാല്പര്യങ്ങളോ പൊതുതാല്പര്യമോ അല്ല ഭരണാശയം ഉൾവഹിക്കേണ്ടത്. തികച്ചും ദൈവത്തിന്റെ സ്നേഹത്തെ ഓർമിക്കുന്ന, സമൂഹത്തിനാകമാനം നന്മയും ഭാഗ്യവും പുണ്യവും സമ്പാദിക്കത്തക്ക യോഗ്യതയാണ് ഭരണാശയത്തിനുണ്ടാകേണ്ടത്.

അങ്ങനെയുള്ള മഹത്തായ ഒരാശയം ഒരു മഹാത്മാവിലൂടെ സംസ്ഥാപനം ചെയ്യപ്പെട്ടാൽ നാം അതിനെ എങ്ങനെ അറിയും? അഥവാ അറിഞ്ഞാൽത്തന്നെ എങ്ങനെ വിശ്വസിച്ചെടുക്കണം? ഇവിടെയാണ് 'അനുഭവം ഗുരു' എന്നു പറയുന്ന ഭാഗം ശ്രദ്ധേയമാകുന്നത്. ഗുരുവിന്റെ മഹിമയിലൂടെ ശിഷ്യനെ അനുഭവപ്പെടുത്തുന്ന ഒരു സാക്ഷാത്കാരസ്വഭാവം ദൈവസങ്കല്പത്തിന്റെ അനുഭവസിദ്ധാന്തമായി ഇവിടെ, ശാന്തിഗിരിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യപരിചയം

# വീട്ടിൽ ഒരു ഔഷധസസ്യം

പ്രകൃതിയിൽനിന്ന് മനുഷ്യനേയും മനുഷ്യനിൽനിന്നു പ്രകൃതിയേയും വേർതിരിക്കാനാവില്ല. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. നമുക്കു ചുറ്റും കാണപ്പെടുന്ന പല സസ്യങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ആരോഗ്യത്തെ പ്രദാനം ചെയ്യുന്നവയാണ്. ആരോഗ്യ സംരക്ഷണത്തിനായി ആയുർവേദത്തിൽ പരമപ്രധാനമായ ഒരു സ്ഥാനമാണ് ഔഷധസസ്യങ്ങൾക്കുള്ളത്. പരമ്പരാഗതമായ ആയുർവേദ ചികിത്സാരീതിയ്ക്കു ലോകമെമ്പാടും പ്രചാരമേറുന്ന കാലവും കൂടിയാണിത്.

കേരളം ഔഷധസസ്യങ്ങളുടെ ഒരു കലവറയാണ്. കേരളത്തിലെ വനപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും, പാതയോരങ്ങളിലും വീട്ടുവളപ്പുകളിലും ധാരാളം ഔഷധസസ്യങ്ങൾ ഉണ്ടായിരുന്നു. സ്വാഭാവിക വാസസ്ഥലനാശവും പ്രകൃതിയിൽനിന്നു ഔഷധസസ്യങ്ങളുടെ അശാസ്ത്രീയമായ ശേഖരണവും, നഗരവൽക്കരണവും മൂലം ഇവയിൽ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും ചിലതു വംശനാശത്തിന്റെ ഭീഷണിയിലുമാണ്. ഈ പ്രതിസന്ധിക്കു പരിഹാരമായി ഔഷധസസ്യ കൃഷിക്കു പ്രോത്സാഹനം നൽകേണ്ടതാണ്. കേരളത്തിൽ പൊതുവെ എല്ലാ വീടുകളുടെ ചുറ്റുപാടും കുറച്ചു സ്ഥലമെങ്കിലും ഉണ്ടായിരിക്കും. ഈ വീട്ടുവളപ്പുകളിൽ ഇടവിളകളായും, തനിവിളകളായും കൃഷി ചെയ്യാവുന്ന ഒട്ടേറെ ഔഷധസസ്യങ്ങൾ ഉണ്ട്. അതത് പ്രദേശത്തിന് യോജിച്ചവ തെരഞ്ഞെടുത്തു വളർത്താവുന്നതാണ്.

പല ഇനം ഔഷധസസ്യങ്ങളേയും ഗൃഹാങ്കണങ്ങളിലെ ആകർഷകമായ ഉദ്യാനസസ്യങ്ങളായി വളർത്തിയെടുക്കുവാൻ സാധിക്കും. ഇതു വീടിനു മോടി കൂട്ടുകയും മാനസികമായ ഉല്ലാസത്തിനും സന്തോഷത്തിനും കാരണമാവുകയും ചെയ്യും. കൂടാതെ വീട്ടുവളപ്പിലെ ഔഷധസസ്യ കൃഷി നമ്മുടെ പരിസരത്തെ ഔഷധ സമ്പന്നമാക്കുകയും, ഗൃഹചികിത്സയ്ക്കാവശ്യമായ ഔഷധ സസ്യങ്ങൾ നൽകുകയും വരുമാനമുണ്ടാക്കാൻ സഹായിക്കുകയും ചെയ്യും.

സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വേപ്പ്, അശോകം, കൂവളം, താന്നി, ഉങ്ങ്, എന്നിവ ചോലമരങ്ങളായും, ആടലോടകം, കരിനൊച്ചി, മൈലാഞ്ചി, പതിമുഖം എന്നിവ വീടുകൾക്കും, പറമ്പുകൾക്കും വേലിയായും നട്ടുവളർത്താം. തെങ്ങിൻപറമ്പുകളിലും, റബ്ബർ തോട്ടങ്ങളിലും ഇടവിളയായി തിപ്പലി, പച്ചോളി, കച്ചോലം, ചെത്തിക്കൊടുവേലി, അടപതിയൻ, ശതാവരി, ശവംനാറി, നീലയമരി, ഇരുവേലി, ചുണ്ട എന്നിവ കൃഷി ചെയ്യാം. പാറക്കൂട്ടങ്ങൾ നിറഞ്ഞ ഉപയോഗ്യശൂന്യമായ പ്രദേശങ്ങളിൽ കറ്റാർവാഴ, പനിക്കൂർക്ക എന്നിവയും ചതുപ്പുനിലങ്ങളിൽ വയമ്പ്, ബ്രഹ്മി എന്നിവയും നട്ടു വളർത്താവുന്നതാണ്. നമ്മുടെ വീട്ടുവളപ്പുകളിൽ നട്ടുവളർത്താവുന്ന ചില ഔഷധസസ്യങ്ങളെ പരിചയപ്പെടാം.

**1. വേപ്പ്**

ശാസ്ത്രനാമം: അസാറിഡാക്റ്റാ ഇൻഡിക്കാ
സസ്യകുടുംബം: മിലിയേസി



വളരെക്കാലം നിലനിൽക്കുന്ന വേപ്പ് വീട്ടുവളപ്പിലെ ഒരു പ്രമുഖ ഔഷധസസ്യമാണ്. ഇത് വീട്ടുമുറ്റത്തു നട്ടുവളർത്തിയാൽ പല രോഗങ്ങളിൽ നിന്നും മോചനം കിട്ടും. വേപ്പിലകളിൽ തട്ടി വരുന്ന കാറ്റിനുപോലും ഔഷധഗുണമുണ്ടെന്ന് കരുതുന്നു. വേപ്പിന്റെ തൊലി, ഇല, വിത്ത്, പൂവ് തുടങ്ങിയവയൊക്കെ ഉപയോഗയോഗ്യമാണ്. വേപ്പിന്റെ ഇലയിലും, തൊലിയിലും 'മാർഗോസിൻ' എന്ന ആൽക്കലോയിഡും എണ്ണയിൽ നിംബിൻ, നിബിംടിൻ എന്നീ ഘടകങ്ങളും അടങ്ങിയിരിക്കുന്നു. രക്തശുദ്ധി ഉണ്ടാക്കുവാനും ചർമ്മരോഗങ്ങൾ ശമിപ്പിക്കാനും കഫവും പിത്തവും കുറയ്ക്കുവാനും ഒക്കെ വേപ്പ് സഹായിക്കുന്നു. വിത്തുപാകി കിട്ടുന്ന തൈകൾ ഉപയോഗിച്ചാണ് വേപ്പ് വളർത്തുന്നത്.



*കന്യാകുമാരി ആശ്രമത്തിൽ നടന്ന ദീപപ്രദക്ഷിണം*

# കന്യാകുമാരി ആശ്രമം ബ്രാഞ്ച് വാർഷികം നടന്നു

**കന്യാകുമാരി:** ശാന്തിഗിരി ആശ്രമം, കന്യാകുമാരി ബ്രാഞ്ചിന്റെ വാർഷികം ഒക്ടോബർ 23 ന് പൗർണ്ണമി ദിനത്തിൽ ഭക്തിനിർഭരമായ ചടങ്ങുകളോടെ നടന്നു. തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേരളത്തിൽ നിന്നും എത്തിയ നൂറുകണക്കിന് ആത്മബന്ധുക്കൾ രാവിലെ മുതൽ നടന്ന പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളിലും വൈകുന്നേരം നടന്ന ദീപപ്രദക്ഷിണത്തിലും ഗുരുനാമമന്ത്ര ജപത്തോടെ പങ്കെടുത്ത് ധന്യത നേടി. 2004 ഒക്ടോബർ 23 ന് വിജയദശമി ദിനത്തിൽ അഭിവന്ദ്യ ശിഷ്യപൂജിതയാണ് ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ചിന്റെ പ്രതിഷ്ഠാകർമ്മം നിർവഹിച്ചത്.

ആഹാരമോ വസ്ത്രമോ പോലുമില്ലാതെ ഗുരു സഞ്ചരിച്ച അവധൂതവൃത്തിയുടെ നാളുകളിൽ ഗുരു ചെയ്ത പ്രാർത്ഥനാസങ്കല്പങ്ങളുടെ സാക്ഷാത്കാരമാണ് കന്യാകുമാരിയിൽ പണികഴിപ്പിച്ച ആശ്രമവും പ്രാർത്ഥനാലയവും അനുബന്ധ കർമ്മങ്ങളും. ഗുരുവിന്റെ അനന്തമായ കാരുണ്യം ഭൂമിയുടെതന്നെ കന്യാമുനമ്പായ കന്യാകുമാരിയിൽ നിന്ന് പ്രപഞ്ചവിഹായസ്സിലേക്ക് നിറയാൻ ഇവിടുത്തെ പ്രാർത്ഥനാലയവും പ്രതിഷ്ഠയും ഉപകരിക്കുന്നതാണ്. മൂന്നു സാഗരങ്ങളുടെ സംഗമസ്ഥാനമായ കന്യാകുമാരിയിൽ ബംഗാൾ ഉൾക്കടലിന് അഭിമുഖമായിട്ടാണ് ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ചിന്റെ പ്രാർത്ഥനാലയം സ്ഥിതി ചെയ്യുന്നത്.

# ദിവംഗതരായി



പാർവതി നരേന്ദ്രൻ



പി. ഗോപിനാഥൻ

**ചേർത്തല:** ആദ്യകാല ആത്മബന്ധുവായ തൈക്കൽ ആറാശുപറമ്പിൽ സി. കെ. നരേന്ദ്രന്റെ ഭാര്യ പാർവതി നരേന്ദ്രൻ (79) ഒക്ടോബർ 11 ന് ദിവംഗതയായി. മക്കൾ: എ. എൻ. മുകുന്ദൻ, എ. എൻ. ബാനർജി, എ. എൻ. ബിനോജി, എ. എൻ. ഷൈലജ, എ. എൻ. ഷൈബി (കോഡിനേറ്റർ, ശാന്തിഗിരി ആശ്രമം.)

**കണ്ണൂർ:** കൂത്തുപറമ്പ് കിണവക്കിൽ പി. ഗോപിനാഥൻ (76) ഒക്ടോബർ 24 ന് ദിവംഗതനായി. ഭാര്യ: സുശീല റ്റി. മക്കൾ: പ്രവീൺ പി., പ്രിയങ്ക പി.

**കെ.പി. ബിജു**

**സുൽത്താൻ ബത്തേരി:** അമ്പലവയൽ പുതുക്കുടി 'പൂർണ്ണിമ' യിൽ കെ.പി. ബിജു (43) ഒക്ടോബർ 23 ന് ദിവംഗതനായി. വയനാട് ജില്ലാ സഹകരണ ബാങ്ക് അമ്പലവയൽ ബ്രാഞ്ച് മാനേജരാണ്. ഭാര്യ: രചന.



കെ.പി. ബിജു

# എജ്യൂക്കേഷൻ ഓഫീസ് സ്പിരിച്വൽ സോണിലെ പുതിയ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി

**സ്പിരിചൽ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിച്ചിരുന്ന എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസ് പുതിയ സ്ഥലത്തേയ്ക്ക് മാറ്റി. സ്പിരിചൽ സോണിൽ ഡയറക്ടർ (കോഡിനേഷൻ) ഓഫീസിനു സമീപത്തേയ്ക്കാണ് ഓഫീസ് മാറ്റിയിരിക്കുന്നത്. പുതിയ ഓഫീസ് കെട്ടിടത്തിന് ശാന്തിഗിരി ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി ഒക്ടോബർ 15 ന് തിരിതെളിയിച്ചു.



*പുതിയ എജ്യൂക്കേഷൻ ഓഫീസ് പ്രവർത്തനമാരംഭിച്ചപ്പോൾ*

എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, ജനനി ആദിത്യ ജ്ഞാനതപസ്വിനി, പ്രദീപ് കുമാർ ഡി., പി. പി. ബാബു, ശശീന്ദ്രൻ പി., മുരളീധരൻ കെ. എ. തുടങ്ങിയവരും സ്റ്റാഫംഗങ്ങളും ചടങ്ങിൽ സംബന്ധിച്ചു.



എസ്.ഐ.റ്റി.ഡി. ട്രെയിനിംഗ് ക്ലാസിൽ ഡോ. കെ.ആർ.എസ്. നായർ സംസാരിക്കുന്നു

# സ്റ്റാഫംഗങ്ങൾക്ക് ട്രെയിനിംഗ് നടത്തി

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് എസ്.എച്ച്.ആർ.ഒ.യിലെ ഡോക്ടർമാർക്കും തെറാപ്പിസ്റ്റുകൾക്കും മറ്റു സ്റ്റാഫംഗങ്ങൾക്കുമായി ഒക്ടോബർ 25, 26 തീയതികളിൽ ആശ്രമത്തിൽ വച്ച് ട്രെയിനിംഗ് ക്ലാസ് സംഘടിപ്പിച്ചു. വ്യക്തിത്വവികസനം, പെരുമാറ്റ രീതികൾ, മികച്ച ആശയവിനിമയം, കൂട്ടുത്തരവാദിത്തം, സമയവിനിയോഗം എന്നിവയെക്കുറിച്ച് നടത്തിയ ക്ലാസിന് ഡോ. കെ. ആർ. എസ്. നായർ നേതൃത്വം നല്കി. രണ്ടു ദിവസമായി നടന്ന ക്ലാസിൽ നൂറിലേറെ പേർ പങ്കെടുത്തു. ഈ മാസം 30 ന് എസ്. എച്ച്. ആർ. ഒ. സ്റ്റാഫംഗങ്ങൾക്കായി മറ്റൊരു ട്രെയിനിംഗ് ക്ലാസ് കൂടി നടക്കും. കോഴിക്കോട് വച്ച് നവംബർ 4, 7 തീയതികളിൽ എസ്.എച്ച്.ആർ.ഒ. സ്റ്റാഫിനും 5, 6 തീയതികളിൽ ഏരിയ ഓഫീസ് സ്റ്റാഫിനും സാംസ്കാരിക പ്രവർത്തകർക്കും ട്രെയിനിംഗ് ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്.

# ബോധവത്കരണ ക്ലാസ് നടന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ രക്ഷിതാക്കൾക്കായി ഇഫക്റ്റീവ് പേരന്റിംഗിനെ കുറിച്ച് ക്ലാസ് നടന്നു. ഒക്ടോബർ 24 ന് നടന്ന ക്ലാസിന് ലിന്റോ ജോൺ നേതൃത്വം നല്കി. കുട്ടികളുമായുള്ള കമ്യൂണിക്കേഷനെ കുറിച്ചും മാതൃകാപരമായ രീതിയിൽ കുട്ടികളെ വളർത്തുന്നതിനെക്കുറിച്ചും നടത്തിയ ക്ലാസിൽ നിരവധി രക്ഷിതാക്കൾ സംബന്ധിച്ചു.

പാലായിൽ വച്ച് നടന്ന സി.ബി.എസ്.ഇ. സ്പോർട്സ് മീറ്റിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നിന്നും പങ്കെടുത്ത വിദ്യാർത്ഥികൾ



കിരൺ എസ്.



കൃഷ്ണണുണ്ണി യു.



അഭിരാം എസ്.എസ്



സൂര്യജിത്ത് എസ്.



നിതിൻരാജ്

# എം.ഡി.ക്ക് അഡ്മിഷൻ ലഭിച്ചു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ആയുർവേദ ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻചാർജ് ഡോ. ജനനി ശ്യാമരൂപ ജ്ഞാനതപസ്വിനിക്ക് തിരുനൽവേലി പാളയംകോട്ട ഗവ. സിദ്ധ മെഡിക്കൽ കോളേജിൽ പൊതുമരുത്വം (ജനറൽ മെഡിസിൻ) വിഷയത്തിൽ എം.ഡി. ക്ക് അഡ്മിഷൻ ലഭിച്ചു.

# പിങ്ക് റാലി ഇന്ന്

**തിരുവനന്തപുരം:** സ്വസ്തി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇന്ന് തിരുവനന്തപുരത്ത് സ്തനാർബുദത്തിനെതിരെ പിങ്ക് റാലി സംഘടിപ്പിക്കും. രാവിലെ 7.15 മുതൽ കവടിയാർ സ്ക്വയർ മുതൽ കനകക്കുന്ന് വരെയാണ് റാലി നടക്കുന്നത്. ശാന്തിഗിരി ആശ്രമവുമായി ചേർന്ന് നടത്തുന്ന പരിപാടിയിൽ ഗൃഹസ്ഥാശ്രമസംഘത്തിൽ നിന്നും വിവിധ ആശ്രമം ഏരിയ ഓഫീസുകളിൽ നിന്നുമുള്ള പ്രവർത്തകർ പങ്കെടുക്കും.



ആശ്രമം സന്ദർശിക്കാനെത്തിയ യു.കെ. ടൺബ്രിഡ്ജ് വെൽസ് ഗ്രാമർ സ്കൂൾ വിദ്യാർത്ഥികൾ സ്പിരിച്വൽ സോണിൽ

# യോഗാ സെമിനാർ സംഘടിപ്പിച്ചു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ഒക്ടോബർ 24 ന് യോഗ സെമിനാർ സംഘടിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെയും ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റലിലെയും ഡോക്ടർമാർക്കും മറ്റു സ്റ്റാഫംഗങ്ങൾക്കുമായി സംഘടിപ്പിച്ച സെമിനാറിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എ. വാസുകിദേവി അദ്ധ്യക്ഷത വഹിച്ചു.

കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 11 മണിക്ക് നടന്ന സെമിനാറിൽ ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ സയൻസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവി പരിപാടികളെ കുറിച്ചും അഡീഷണൽ ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ), യോഗ സയൻസ് പി.പി. ബാബു സംസാരിച്ചു.

മാനേജർ ശ്രുതി എൻ., നിത്യജീവിതത്തിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചു. എസ്.എച്ച്.ആർ.ഒ. മെഡിക്കൽ സൂപ്രണ്ട് ഡോ. ബി. രാജ്കുമാർ, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പി. ഹരിഹരൻ, ഡോ. ആനി ജാസ്മിൻ തുടങ്ങിയവരും സംബന്ധിച്ചു.



ശാന്തിഗിരി യോഗാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സെമിനാറിൽ യോഗാ പരിശീലക ശ്രുതി എൻ. സംസാരിക്കുന്നു


ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ബുധൻ, ശനി ദിവസങ്ങളിൽ വൈകുന്നേരം നാലു മുതൽ ആറു വരെ ഡോക്ടറുടെ സേവനം ലഭ്യമാണ്

ഫോൺ : 8089695320






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala